# കേരള സർവകലാശാല

നം. പി.ആർ.026/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ. പരീക്ഷ കേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല ഫെബ്രുവരി എട്ടിന് ആരംഭിക്കുന്ന ബി.എ (ആന്വൽ സ്കീം) സപ്ലിമെന്ററി പാർട്ട് ഒന്നും രണ്ടും പരീക്ഷയ്ക്ക് ഓൺലൈനായും ഓഫ്ലൈനായും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പരീക്ഷകേന്ദ്രമായി അപേക്ഷിച്ചിരുന്ന ആൺകുട്ടികൾ തിരുവനന്തപുരം എം.ജി. കോളേജിലും പെൺകുട്ടികൾ നീറമൺകര എൻ.എസ്.എസ് വിമൻസ് കോളേജിലും, കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് കേന്ദ്രമായി അപേക്ഷിച്ചിരുന്ന ആൺകുട്ടികൾ കൊല്ലം ടി.കെ.എം. ആർട്സ് & സയൻസ് കോളേജിലും, പെൺകുട്ടികൾ കൊല്ലം എസ്.എൻ വിമൻസ് കോളേജിലും തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജും ചെമ്പഴന്തി എസ്.എൻ കോളേജും പരീക്ഷകേന്ദ്രമായി അപേക്ഷിച്ചിരുന്നവർ തുമ്പ സെന്റ് സേവിയേഴ്സ് കോളേജിലും പരീക്ഷയെഴുതണം. ഇതിൽ ഓഫ്ലൈനായി അപേക്ഷിച്ചിരുന്നവർക്ക് പുതിയതായി അനുവദിച്ച കേന്ദ്രത്തിൽ നിന്നും നേരിട്ട് ഹാൾടിക്കറ്റ് കൈപ്പറ്റി അവിടെത്തന്നെ പരീക്ഷയെഴുതണം. മറ്റ് പരീക്ഷ കേന്ദ്രങ്ങളിൽ മാറ്റമില്ല

### ബി.എസ്സി. പരീക്ഷ കേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല ഫെബ്രുവരി എട്ടിന് ആരംഭിക്കുന്ന ബി.എസ്സി (ആന്വൽ സ്കീം) സപ്ലിമെന്ററി പാർട്ട് ഒന്നും രണ്ടും മൂന്നും (സബ്സിഡിയറി സ്റ്റാറ്റിസ്റ്റിക്സ്, അക്കൗണ്ടിംഗ്) പരീക്ഷകൾക്ക് തുമ്പ സെന്റ് സേവിയേഴ്സ് കോളേജ്, കൊല്ലം എസ്.എൻ കോളേജ്, ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജ് ഫോർ വിമൻ എന്നിവിടങ്ങൾ മാത്രമായിരിക്കും പരീക്ഷകേന്ദ്രങ്ങൾ. ഓൺലൈനായി തിരുവനന്തപുരം ഗവ. ആർട്സ് കോളേജിൽ പരീക്ഷകേന്ദ്രമായി അപേക്ഷിച്ചവർ തുമ്പ സെന്റ് സേവിയേഴ്സ് കോളേജിൽ പരീക്ഷയെഴുതണം.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ഗവ. സംസ്കൃത കോളേജ്, പെരിങ്ങമല ഇക്ബാൽ കോളേജ്, എം.ജി. കോളേജ്, തിരുവനന്തപുരം ഗവ. ആർട്സ് കോളേജ്, കാട്ടാക്കട ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ഗവ. വിമൻ കോളേജ്, നെടുമങ്ങാട് ഗവ. കോളേജ്, കാഞ്ഞിരംകുളം ഗവ. കോളേജ്, കാഞ്ഞിരംകുളം കെ.എൻ.എം കോളേജ്, പാളയം എസ്.ഡി.ഇ എന്നിവിടങ്ങൾ പരീക്ഷകേന്ദ്രമായി അപേക്ഷിച്ചവർ തുമ്പ സെന്റ് സേവിയേഴ്സ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം

ചാത്തന്നൂർ എസ്.എൻ കോളേജ്, ചവറ ബി.ജെ.എം കോളേജ്, കായംകുളം എം.എസ്.എം. കോളേജ്, കൊല്ലം എഫ്.എം.എൻ കോളേജ്, കൊല്ലം ടി.കെ.എം. കോളേജ്, കൊട്ടാരക്കര എസ്.ജി. കോളേജ്, നിലമേൽ എൻ.എസ്.എസ് കോളേജ്, ആറ്റിങ്ങൽ ഗവ. കോളേജ്, പന്തളം എൻ.എസ്.എസ് കോളേജ്, ശാസ്താംകോട്ട ഡി.ബി. കോളേജ്, കൊട്ടിയം എം.എം.എൻ.എസ്.എസ് കോളേജ്, പുനലൂർ എസ്.എൻ കോളേജ്

എന്നിവിടങ്ങൾ പരീക്ഷകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

ആലപ്പുഴ എസ്.ഡി. കോളേജ്, ചേർത്തല എസ്.എൻ കോളേജ് എന്നിവിടങ്ങൾ പരീക്ഷകേന്ദ്രമായി അപേക്ഷിച്ചവർ ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജ് ഫോർ വിമനിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം

## ഇന്റേണൽ മാർക്ക് അപ്‌ലോഡ് ചെയ്യാം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ഇന്റേർണൽ മാർക്ക് അപ്‌ലോഡ് ചെയ്യാൻ സാധിക്കാത്ത കോളേജുകൾക്ക് ഫെബ്രുവരി 21 വരെയും മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് ഫെബ്രുവരി 22 വരെയും അപ്‌ലോഡ് ചെയ്യാൻ സാധിക്കും.

## എം.പ്ലാൻ, എം.ആർക് ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.പ്ലാൻ (ഹൗസിംഗ്), എം.ആർക് (അർബൻ ഡിസൈൻ) – 2013 സ്കീം പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധയ്ക്ക് ഫെബ്രുവരി 18 വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
02.02.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ